കന്നംകളം നിയോജക മണ്ഡലത്തിലെ വേലൂർ പോസ്റ്റാഫീസ് - തയ്യൂർ - എരുമപ്പെട്ടി റോഡ്

260 (4892) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച കന്നംകളം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വേലൂർ പോസ്റ്റാഫീസ്-തയ്യൂർ-എരുമപ്പെട്ടി റോഡ് പ്രവർത്തിയുടെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടി പൂർത്തീകരിച്ചുവോ;

(സി) സാങ്കേതിക അനുമതി ലഭിച്ച് ഒരു വർഷമായിട്ടും ഈ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി വൈകുന്നതിന്റെ കാരണമെന്താണ്; വിശദാംശം വ്യക്തമാക്കാമോ;

(ഡി) കഴിവതും വേഗത്തിൽ നടപടി ക്രമങ്ങൾ ,പൂർത്തീകരിച്ച് റോഡ് പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) ഭരണാനുമതി ലഭിച്ച കന്നംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വേലൂർ പോസ്റ്റാഫീസ്-തയ്യൂർ-എരുമപ്പെട്ടി റോഡിന് സാങ്കേതികാനുമതി നൽകുകയും ടെണ്ടർ ക്ഷണിച്ച് നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. ടെണ്ടർ സ്വീകരിക്കുവാൻ ഒരു കരാറുകാരനും മുന്നോട്ടുവരാത്തതിനാൽ ക്വട്ടേഷൻ സ്വീകരിക്കുകയും ആയത് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കാസർകോട് ജില്ലയിൽ പൊതു മരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ കെട്ടിട നിർമ്മാണ പ്രവൃത്തികൾ

261 (4893) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ജനുവരി മുതൽ കാസർകോട് ജില്ലയിൽ എത്ര കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കാണ് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയതെന്ന്; പ്രവൃത്തിയുടെ പേര്, അടങ്കൽ തുക, നിയോജക മണ്ഡലം, ഉത്തരവ് തീയതി, ഫണ്ടിന്റെ ഉറവിടം, എന്നിവ തിരിച്ച് കണക്കുകൾ വിശദമാക്കുമോ;

(ബി) അതിൽ എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയെന്ന് പ്രവൃത്തിയുടെ പേര്, അടങ്കൽ തുക, ഉത്തരവ് തീയതി ,നിയോജക മണ്ഡലം എന്നിവ തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇനിയും സാങ്കേതികാനുമതി ലഭിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് നിയോജക മണ്ഡലം തിരിച്ച് വിശദമാക്കാമോ;

(ഡി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള കാലാവധിയും നടപടികളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2014 ജനുവരി മുതൽ കാസർഗോഡ് ജില്ലയിൽ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയിട്ടില്ല.

(ബി-ഡി) ബാധകമല്ല.

കോഴിക്കോട് ജില്ലയിൽ ചെറുകിട വൻകിട പാലങ്ങൾ

262 (4894) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ച എത്ര ചെറുകിട, വൻകിട പാലങ്ങൾ നിർമ്മാണം തുടങ്ങാത്തതായുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിനുള്ള കാരണം എന്താണ്;

(സി) ക്ലളിമാട് കടവ് പാലത്തിന്റെ പ്രവൃത്തികൾക്ക് ഇതുവരെയായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) ജില്ലയിൽ എത്ര പാലങ്ങൾക്ക് ഇൻവെസ്റ്റിഗേഷന് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) കോഴിക്കോട് പാറക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഇല്ലെങ്കിൽ അപ്രോച്ച് റോഡ് നിർമ്മാണം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയതും പ്രവൃത്തി തുടങ്ങാത്തതുമായ പാലങ്ങൾ.

1. ഉള്ളൂർക്കടവ് പാലം-സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.
2. കല്ലാച്ചേരിക്കടവ് പാലം- സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.
3. കോട്ടക്കടവ് പാലം-സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly